# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.789

09.08.2017-ൽ മറുപടിയ്ക്ക്

## ചിത്രാഞ്ജലി സ്റ്റുഡിയോ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഒ.രാജഗോപാൽ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ചിത്രാഞ്ജലി സ്റ്റുഡിയോയെ ഐ.എഫ്.എഫ്.കെ.യുടെ സ്ഥിരം വേദിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ;<br><br>(ബി) ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഈ പദ്ധതി എന്ന് പൂർത്തീകരിക്കുവാനാകു മെന്നും വ്യക്തമാക്കാമോ? | (എ) & (ബി) | ചിത്രാഞ്ജലി സ്റ്റുഡിയോ കാമ്പസിൽ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ സ്ഥിരം വേദിക്കു വേണ്ടി ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനു 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ കിഫ്ബി ഫണ്ടിൽ നിന്ന് 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മാണത്തിന് 100 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന കൺസൾട്ടന്റ് തയ്യാറാക്കുന്ന ഡി.പി.ആർ കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. |

സെക്ഷൻ ഓഫീസർ